## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 305 | 27-09-2011-ൽ മറുപടിക്ക്

### വൈദ്യുത അപകടം തടയുവാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) | വൈദ്യുത അപകടം തടയുന്നതിനായി അടിയന്തിര നടപടി കൈക്കൊള്ളുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനായി സേഫ്റ്റി ഓഫീസർമാരെ നിയമിക്കുമോ ; എങ്കിൽ എത്രപേരെയെന്നും ഇവർ ഏതു റാങ്കിലുള്ള ഓഫീസർമാരായിരിക്കുമെന്നും ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്നും വ്യക്തമാക്കുമോ ; | (ബി) | ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെയും എക്സിക്യൂട്ടീവ് എഞ്ചിനിയർ കേഡറിലുള്ള 3 ഉദ്യോഗസ്ഥരെയും സേഫ്റ്റി ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. |
| (സി) | ബോർഡിൽ പുതുതായി വർക്കർമാരായി നിയമിക്കപ്പെടുന്നവർക്ക് വിദ്യാഭ്യാസ യോഗ്യത ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) | ബോർഡിൽ വർക്കർമാരായി നിയമിക്കപ്പെടുന്നവർക്കായി നിലവിൽ വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. അതിൻപ്രകാരം ഏഴാംക്ലാസ് പാസ്സായിരിക്കേണ്ടതാണ്. |
| (ഡി) | ബോർഡിലെ കരാർ തൊഴിലാളികൾക്ക് ലൈനിലെ ജോലികളെ കുറിച്ച് പ്രത്യേകം പരിശീലനം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | ബോർഡിലെ കരാർ തൊഴിലാളികൾക്ക് പ്രത്യേകം പരിശീലനം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ അവരുടെ ജോലിക്ക് മേൽനോട്ടം വഹിക്കേണ്ട ബോർഡിലെ ഉദ്യോഗസ്ഥർക്ക് ബോർഡ് വേണ്ടത്ര പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ